മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) കേരളത്തിൽനിന്നും 203 പേർ (കേരളത്തിനകത്ത് 171, കേരളത്തിന് പുറത്ത് 32) മരിച്ചിട്ടുണ്ട്. കാണാതായവരെക്കുറിച്ച് റിപ്പോർട്ടു ചെയ്തിട്ടില്ല. പരിക്ക് പറ്റിയവർ 1629.

(ബി) ആവശ്യാനുസരണം ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ഭക്ഷണം, വൈദ്യസഹായം, കുടിവെള്ള വിതരണം തുടങ്ങിയ അവശ്യസേവനങ്ങൾ ക്യാമ്പുകളിലെത്തിച്ചു. മൃതശരീരങ്ങൾ അവകാശികൾക്ക് നൽകുവാൻ സത്വര നടപടികൾ സ്വീകരിച്ചു. സാംക്രമിക രോഗങ്ങൾ വരാതിരിക്കുവാനും, പുസ്തകം, നോട്ടുബുക്കുകൾ, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിനും, റേഷൻകാർഡ്, മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് പുതിയത് നൽകുന്നതിനും നടപടി സ്വീകരിച്ചു.

തീരദേശ കുടുംബങ്ങൾക്കും, അഴിമുഖം പോലെയുള്ള ദുരിതബാധിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും രണ്ട് മാസത്തെ സൗജന്യറേഷൻ അനുവദിച്ചു. പരിക്ക് പറ്റിയവർക്ക് 5,000 രൂപ വീതവും, അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപ വീതവും, മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ ഡിസംബർ 26, 27 തീയതികളിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് 1,000 രൂപ വീതവും ധനസഹായം നൽകി. ദുരിതബാധിത പ്രദേശങ്ങളിലെ വീടുകൾ നന്നാക്കാൻ സത്വര നടപടികൾ സ്വീകരിച്ചു. താൽക്കാലിക ഷെൽട്ടറുകൾ നിർമ്മിച്ച് ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ നടപടി ആരംഭിച്ചു. മത്സ്യബന്ധന മേഖലയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും, കേടുപാടുകൾ സംഭവിച്ചത് നന്നാക്കുന്നതിനും സഹായധനം നൽകുന്നതിനും തീരുമാനിച്ചു. തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയ വായ്പകളുടെ തിരിച്ചടവ് ആറ് മാസത്തേക്ക് നീട്ടിവയ്ക്കുവാൻ തീരുമാനിച്ചു.

(സി) കേന്ദ്രസർക്കാരിൽ നിന്നും 100 കോടി രൂപ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25-1-2005 വരെ 15.22 കോടി രൂപ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഒഴിച്ചുള്ള മറ്റ് ജില്ല അക്കൗണ്ടുകളിലെ തുക ഇതിൽ ഉൾപ്പെടുന്നില്ല.

(ഡി) സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിന്റെ കീഴിൽ പുതുതായി രൂപീകരിച്ച 'ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്'.

സുനാമി ദുരന്തത്തിൽ നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കാൻ നടപടി

*28 [28] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരന്തത്തിൽ റേഷൻ കാർഡ്, എസ്.എസ്. എൽ.സി. ബുക്ക്, പാസ്പോർട്ട് തുടങ്ങിയ പ്രധാന രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ അടക്കമുള്ള പ്രധാന രേഖകൾ നഷ്ട പ്പെട്ടവർക്ക് അടിയന്തിരമായി അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ, ബി ആന്റ് സി) സുനാമി ദുരന്തത്തിൽ റേഷൻകാർഡുകൾ/ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് പകരമായി പ്രസ്തുത രേഖകൾ നൽകാൻ ഉത്തരവായിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് റേഷൻ കാർഡുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യേണ്ടതാണെന്നും സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട വിദ്യാർത്ഥികളെ വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥൻമാർ ക്യാമ്പുകളിൽ സന്ദർശിച്ച് അപേക്ഷകൾ സ്വീകരിച്ച് സാധാരണ നിബന്ധനകൾ ഒഴിവാക്കി ഒറിജിനൽ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച വെരിഫിക്കേഷൻ മാത്രം നടത്തി പുതിയ സർട്ടിഫിക്കറ്റുകൾ നൽകേണ്ട താണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പാസ്പോർട്ട് നഷ്ടപ്പെട്ടവർക്ക് പകരം പാസ്പോർട്ട് നൽകേണ്ടത് ബന്ധപ്പെട്ട പാസ്പോർട്ട് ഉദ്യോഗസ്ഥരാണ്.

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

*29 [29] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സർക്കാർ എത്ര രൂപ ചെലവഴിച്ചു;

(ബി) ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോൾ എത്ര കുടുംബങ്ങൾ കഴിയുന്നുണ്ട്;

(സി) ദുരന്തത്തിനിരയായ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ നൽകി സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ;

(ഡി) ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് ഉറപ്പുള്ള സ്ഥിരമായ വീടുകൾ വച്ച് നൽകുവാൻ എത്രനാൾ വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവായ തുകയെ ക്കുറിച്ച് കൃത്യമായ കണക്ക് ബന്ധപ്പെട്ട കളക്ടർമാരിൽനിന്നും ശേഖരിച്ചു വരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly